## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1880

17.12.2012-ൽ മറുപടിക്ക്

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ കടപ്പുറത്ത് മത്സ്യബന്ധന തുറമുഖം

ചോദ്യം

മറുപടി

| | | | |
|---|---|---|---|
| | ശ്രീ. ഇ.ചന്ദ്രശേഖരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ കടപ്പുറത്ത് മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | അജാനൂർ കടപ്പുറത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി മാതൃകാപഠനം, പരിസ്ഥിതി പഠനം എന്നിവയുൾപ്പെടെ 24 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ബാത്തിമെട്രിക് സർവ്വേ പൂർത്തീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിക്കുകയും ചെയ്തിരുന്നു. എന്നാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ഏജൻസികൾ പരിസ്ഥിതി പഠനം നടത്തണമെന്ന ഉത്തരവിനെ തുടർന്ന് 53 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി കൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശ പ്രകാരം 15 ലക്ഷം രൂപയുടെ ഭരണാനുമതിയേ നൽകി യിട്ടുള്ളൂ. |
| (ബി) | ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | ഭരണാനുമതി ലഭിച്ചതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുവേണ്ടി മാതൃകാപഠനം, പരിസ്ഥിതി പഠനം എന്നിവ ഏർപ്പാടാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ